സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള സ്വതന്ത്രസ്ഥാപനമാക്കുകയോ, ഒരു സ്വയം ഭരണസ്ഥാപനമാക്കുകയോ ചെയ്യണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ഈ സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ഈ സ്ഥാപനത്തിന്റെ വികസനത്തിനായി 25 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) വിശദപഠനങ്ങൾ നടത്തി നിർദ്ദേശങ്ങളൊന്നും മുന്നോട്ടു വച്ചിട്ടില്ല. ഏതാനും ജലസംഭരണികളുടെ സെഡിമെന്റേഷൻ സ്റ്റഡീസും മറ്റും ഇവിടെ നടത്തിവരുന്നുണ്ട്. കൂടാതെ ഡാമുകളുടെ സുരക്ഷ നിരീക്ഷിക്കുന്നതിന് സർക്കാർതലത്തിൽ രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ നിർദ്ദേശാനുസരണം ആവശ്യമെന്ന് കാണുന്ന ഡാമുകൾ സന്ദർശിച്ച് അവയുടെ ബലക്ഷയത്തിനുള്ള കാരണങ്ങൾ കണ്ടെത്തുന്നതിനുള്ള ജോലികളും ചെയ്തുവരുന്നു.

(ഇ) എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾ ഈ സ്ഥാപനത്തിലെ ലൈബ്രറിയിലുള്ള സാങ്കേതിക ഗ്രന്ഥങ്ങളും, ആനുകാലിക പ്രസിദ്ധീകരണങ്ങളും ഉപയോഗപ്പെടുത്തുന്നുണ്ട്. എഞ്ചിനീയറിംഗ് ബിരുദവിദ്യാർത്ഥികളും ബിരുദാനന്തര വിദ്യാർത്ഥികളും ഈ സ്ഥാപനത്തിലെ ഗവേഷണ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി പ്രബന്ധങ്ങൾ തയ്യാറാക്കുന്നുണ്ട്. കോഴിക്കോട് സർവകലാശാല ഈ സ്ഥാപനത്തെ ഒരു അംഗീകൃത ഗവേഷണ സ്ഥാപനമായി അംഗീകരിച്ചിട്ടുണ്ട്.

6 (*96) കോണ്ടൂർ കനാലിലെ നിർമ്മാണപ്രവർത്തനങ്ങൾ

ശ്രീ. ജോണി നെല്ലൂർ :

ശ്രീ. ടി.എം. ജേക്കബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറമ്പിക്കുളം-അലിയാർ പദ്ധതിയുടെ കീഴിലുള്ള കോണ്ടൂർ കനാൽ തമിഴ്നാട് പുതുക്കിപ്പണിയുന്നുണ്ടോ;

(ബി) എങ്കിൽ ഈ പണിക്ക് കേരള സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ;

(സി) അംഗീകാരം നൽകിയിട്ടില്ലെങ്കിൽ തമിഴ്നാട് നടത്തുന്ന ഈ പണികൾ അനധികൃതമാണോ; എങ്കിൽ ഈ പണിക്ക് എതിരെ എന്ത് നടപടി എടുത്തു;

(ഡി) പണി നടക്കുന്നതുകൊണ്ട് കോണ്ടൂർ കനാലിലെ ഗേജിംഗിന് എന്തെങ്കിലും തടസ്സം ഉണ്ടായിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതുമൂലം എത്ര ജലം കേരളത്തിന് നഷ്ടപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) കോണ്ടൂർ കനാലിലെ തുടക്കത്തിൽ ഗേജിംഗ് ഇല്ലെങ്കിലും സർക്കാർ പവർഹൗസിൽനിന്നും പുറത്തേക്ക് ഒഴുകുന്ന ജലത്തിന്റെ അളവ് കൂട്ടാനുള്ള മറ്റ് സംവിധാനങ്ങളുണ്ടോ; എങ്കിൽ എന്തെല്ലാം?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) ചില അറ്റകുറ്റപ്പണികൾ നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല.

(സി) കേരളത്തിലേയും തമിഴ്നാട്ടിലേയും ചീഫ് എൻജിനീയർമാരടങ്ങിയ ജോയിന്റ് വാട്ടർ റഗുലേഷൻ ബോർഡിന്റെ ചുമതലകൾ പരാമർശിക്കുന്ന പി.എ.പി. കരാറിന്റെ ഷെഡ്യൂൾ 5 പാരാ 2 (ബി) അനുസരിച്ച് കോണ്ടൂർ കനാലിലെ 'ഇന്റർസെപ്ഷൻ കാണ്ടിറ്റി' അളക്കണമെന്ന് പരാമർശിച്ചിട്ടുണ്ട്. ഇരുസംസ്ഥാനങ്ങൾക്കും ഇതിൻമേൽ ഒരു തീരുമാനത്തിലെത്താൻ സാധിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ കോണ്ടൂർ കനാൽ 'റീ- ലൈനിംഗ്' ചെയ്യുന്നത് അഭികാമ്യമല്ല. ഈ പണികൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 25.03.99-ൽ സംസ്ഥാന മുഖ്യമന്ത്രി ഈ പ്രവൃത്തികൾ ഉടനെ നിറുത്തിവയ്ക്കാൻ ആവശ്യപ്പെട്ടുകൊണ്ട് തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്തയച്ചു. ഇക്കാര്യത്തിൽ അടിയന്തിരമായി ഇടപെട്ട് പ്രവൃത്തികൾ നിറുത്തിവയ്ക്കാൻ ആവശ്യപ്പെടണമെന്നാവശ്യപ്പെട്ട് കേന്ദ്രസർക്കാരിനും ഈ പണിക്ക് സാമ്പത്തികസഹായം നൽകുന്ന ധനകാര്യഏജൻസിക്കും എഴുതിയിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ഈ ജലം കേരളത്തിന് നൽകണമെന്ന് കരാറിൽ നിഷ്കർഷിച്ചിട്ടില്ല.

(എഫ്) ഉണ്ട്. വഗരിയാർ, അലിയാർ, ഫീഡർ കനാൽ എന്നീ ഗേജിംഗ് പോയിന്റുകളിൽ ജലം നൽകാനുള്ള സംവിധാനം ഉണ്ട്.

7 (*97) മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ നടപടി

ശ്രീ. പി. രാഘവൻ :

ശ്രീ. എം. ദാസൻ :

ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരക്കടലിൽ നിന്നും പിടിച്ചെടുക്കുന്ന മത്സ്യത്തിന്റെ അളവ് സംബന്ധിച്ച് സംസ്ഥാന ആസൂത്രണബോർഡ് എന്തെങ്കിലും പഠനം നടത്തിയതായി സർക്കാരിന് അറിവുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പഠനത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാന തീരക്കടലിൽനിന്ന് പിടിച്ചെടുക്കപ്പെടുന്ന മത്സ്യത്തിന്റെ അളവ് ഓരോ വർഷവും കുറഞ്ഞുവരുന്നതായി സർക്കാരിന് ബോദ്ധ്യമായിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്തെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) അവയിൽ പ്രധാനകാരണങ്ങൾ എന്തൊക്കെ എന്ന് വെളിപ്പെടുത്തുമോ;

(ഇ) കേരള തീരക്കടലിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) മത്സബന്ധനത്തിനായുള്ള യന്ത്രവൽക്കൃത ബോട്ടുകളുടെയും വള്ളങ്ങളുടെയും എണ്ണം വർദ്ധിപ്പിക്കാതിരിക്കാനും ചെറിയ മത്സ്യങ്ങളെപ്പോലും പിടിച്ചെടുക്കുന്നതടക്കം കൊല്ലിവലയുടെ വ്യാപകമായ ഉപയോഗം

LIBRARY ARCHIVES Kerala Legislative Assembly